**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 419** **20-07-2022 - ൽ മറുപടിയ്ക്ക്**

**അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | എ) അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും, ശാക്തീകരിക്കുന്നതിനുമായി അസംഘടിത ദിവസ വേതന തൊഴിലാളികൾക്കുള്ള ആശ്വാസ നിധി, അവശതയനുഭവിക്കുന്ന മരംകയറ്റ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി, അംസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യങ്ങൾ എന്നീ മൂന്ന് വ്യത്യസ്ത കർമ്മ പദ്ധതികൾ ഏകോപിപ്പിച്ച് 'അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സംരക്ഷണം' പദ്ധതി തൊഴിൽ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. കൂടാതെ കേരള ആർട്ടിസാൻസ് ക്ഷേമനിധി സ്കീം 2011, കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി സ്കീം 2011, കേരള പാചക തൊഴിലാളി ക്ഷേമനിധി സ്കീം 2011, കേരള ബാർബർ & ബ്യൂട്ടീഷ്യൻ തൊഴിലാളി നിധി സ്കീം 2004, കേരള ക്ഷേത്ര തൊഴിലാളി ക്ഷേമനിധി സ്കീം 2011 എന്നിവ ഏകോപിപ്പിച്ച് 2015-ൽ കേരള അസംഘടിത സാമൂഹ്യ സുരക്ഷാ പദ്ധതി നിലവിൽ വരികയും, കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് മുഖേന പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു. |
| (ബി) | തോട്ടം മേഖലയിലെ തൊഴിലാളികൾക്കായി തൊഴിൽ സ്ഥലത്തോ അതിന് സമീപത്തോ ഭവന സൗകര്യം ഒരുക്കുന്നതിനായി ഉദ്ദേശിക്കുന്നുണ്ടോ; അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി | (ബി) | ബി) കേരളത്തിലുടനീളം ജോലി ചെയ്യുന്ന തോട്ടം തൊഴിലാളികൾക്കും, അവരുടെ കുടുംബങ്ങൾക്കും ശുചിത്വവും, സുരക്ഷിതവുമായ |

| | | | |
|---|---|---|---|
| | നടത്തുന്ന ഭവന പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | | പാർപ്പിട സൗകര്യം തോട്ടം മേഖലയിലോ അതിനു സമീപത്തോ നൽകുന്നതിനായി തൊഴിൽ വകുപ്പ് ഭവനം പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം മൂന്നാറിലെ, കെ.ഡി.എച്ച് വില്ലേജിൽ ഭവനരഹിതരായ 10 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഒമ്പത് വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി കൈമാറുകയും ചെയ്തിട്ടുണ്ട്.<br><br>ഭവനം പദ്ധതി ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീമിൽ - തൊഴിൽ വകുപ്പിന്റെ കീഴിലുള്ള പൊതു മേഖലാ സ്ഥാപനമായ ആർ, പി.എൽ. -ലെ ഭൂരഹിതരും ഭവന രഹിതരുമായ തോട്ടം തൊഴിലാളികൾക്കായി കുളത്തുപ്പുഴ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിനു വേണ്ടി 5 ഏക്കർ സ്ഥലം വിട്ടു നൽകുകയും 412.6 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണത്തിൽ 40 വീടുകളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചതിൽ 6 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി കൈമാറിയിട്ടുള്ളതാണ്.<br><br>കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും കുറഞ്ഞ വേതനമുള്ള ജോലിക്കാർക്കും താങ്ങാനാവുന്ന വിലയ്ക്ക് നല്ല ഗുണ നിലവാരമുള്ള അപ്പാർട്ട്മെന്റുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് ജനനി പദ്ധതി. ജനനി പദ്ധതി - പോഞ്ഞശ്ശേരി സ്കീമിൽ 4 ടവറുകളിലായി മൊത്തം 296 അപാർട്ട്മെന്റുകളാണ് നിർമ്മിക്കുന്നത്. കൂടാതെ, ജനനി പ്രോജക്ട് - അടിമാലി സ്കീമിൽ ഏകദേശം 1,22,676 ചതുരശ്ര അടിയുള്ള ഏഴ് നിലകളുള്ള അപാർട്ട്മെന്റ് കോംപ്ലക്സ് നിർമ്മിച്ച് ലൈഫ് മിഷനിലൂടെ അടിമാലി ഗ്രാമ പഞ്ചായത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. |
| (സി) | അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത് സംബന്ധിച്ച് സ്വീകരിച്ച പ്രവർത്തനങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | സി) ഇല്ല. അസംഘടിത മേഖലയിലെ തൊഴിലാളികളെ നിലവിൽ ഇ. എസ്.ഐ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല ; അപകട ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ് തുടങ്ങിയ ആനുകൂല്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യവും നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ